"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിവര പൊതുജന സമ്പർക്ക വകുപ്പ് - കേബിൾ ടെലിവിഷൻ നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995- സംസ്ഥാന തല മോണിറ്ററിംഗ് സമിതി പുന: സംഘടിപ്പിച്ച് ഉത്തരവാകുന്നു.

---

**വിവര പൊതുജന സമ്പർക്ക(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.99/2024/I&PRD തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:- 1. 26.04.2017 ലെ നം.4407/3/2015-ബി.സി. ഐ. നമ്പർ ഓഫീസ് മെമ്മോറാണ്ടം.

2. 2) 29.12.2021 ലെ സ.ഉ(സാ.ധാ.)നം. 196/2021/ ഐ&പി.ആർ.ഡി . നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

1995 ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്ക് (റെഗുലേഷൻസ് ) ആക്ടിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സംസ്ഥാന തല മോണിറ്ററിംഗ് സമിതി പുന: സംഘടിപ്പിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സമിതിയുടെ കാലാവധി 29.12.2023 ന് അവസാനിച്ചിട്ടുള്ളതാകുന്നു.

2. 1995 ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്ക് (റെഗുലേഷൻസ് ) ആക്ട് നടപ്പിലാക്കുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സമിതിയിൽ ചുവടെ ചേർത്തിരിക്കുന്നവരെ അംഗങ്ങളാക്കി പുന:സംഘടിപ്പിക്കേണ്ടതാണെന്ന് പരാമർശം (1) ൽ സൂചിപ്പിച്ചിട്ടുണ്ട്.

i) സെക്രട്ടറി, വിവരപൊതുജന സമ്പർക്ക വകുപ്പ് - ചെയർമാൻ
ii) സംസ്ഥാന പോലീസ് മേധാവിയുടെ പ്രതിനിധി - അംഗം
iii) സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് - അംഗം
IV) സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ് - അംഗം
V) വനിതകൾക്കുള്ള സർക്കാരിതര സംഘടനയുടെ പ്രതിനിധി (സമിതിചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി)
VI) ആശയ വിനിമയം / മാനസിക ശാസ്ത്ര മേഖലയിൽ നിന്നുമുള്ള അക്കാദമിഷ്യൻ - അംഗം
VII) ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ് - അംഗം

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്നവരെ അംഗങ്ങളാക്കി സംസ്ഥാനതല മോണിറ്ററിംഗ് സമിതി പുന: സംഘടിപ്പിച്ച് ഉത്തരവാകുന്നു.

i). സെക്രട്ടറി, വിവരപൊതുജന സമ്പർക്ക വകുപ്പ് - ചെയർമാൻ
ii) സംസ്ഥാന പോലീസ് മേധാവിയുടെ പ്രതിനിധി - മെമ്പർ

iii) സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് - മെമ്പർ
iv) സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ് - മെമ്പർ

v) അഡ്വ.സ്വപ്ന. പി പരമേശ്വരത്ത്, കോഴിക്കോട് - മെമ്പർ
(എൻ.ജി.ഒപ്രതിനിധി)
vi) ശ്രീ. ഷിജു ജോസഫ്, അസിസ്റ്റന്റ് പ്രൊഫസർ,
തിരുവനന്തപുരം ഗവ: വനിതാ കോളേജ് (അക്കാദമീഷ്യൻ) - മെമ്പർ
vii) ശ്രീ. എൻ.പി. ചന്ദ്രശേഖരൻ, - മെമ്പർ
കൈരളി ടി.വി (ദൃശ്യമാധ്യമ പ്രതിനിധി)

viii) ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ് - മെമ്പർ സെക്രട്ടറി

4) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സമിതിയിലെ കാലാവധി 5വർഷമായിരിക്കും പുന: നാമനിർദ്ദേശത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല. സമിതി കുറഞ്ഞത് 2 വർഷത്തിലൊരിക്കൽ സമ്മേളിക്കേണ്ടതും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേബിൾ ഓപ്പറേറ്റർമാരുടെ ജില്ലാതല വിവരം ഉൾപ്പെടെയുള്ള വിശദമായ വാർഷിക റിപ്പോർട്ടും സംസ്ഥാനത്തിനു വേണ്ടി സമർപ്പിക്കേണ്ടതാണ്.

5) സംസ്ഥാനതല മോണിറ്ററിംഗ് സമിതിയുടെ ചുമതലകൾ ചുവടെ പറയും പ്രകാരം ചേർക്കുന്നു.

I) ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തുക.
2) ജില്ലാതല മോണിറ്ററിംഗ് സമിതികൾ കൃത്യമായ ചേരുന്നുണ്ടെന്നു ഉറപ്പു വരുത്തുക.
3) ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തുക.
4) ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികൾ കൈകാര്യം ചെയ്തിട്ടുള്ള കേസുകൾ എത്രയാണെന്നും ആയതിന്മേൽ എടുത്തിട്ടുള്ള തീരുമാനം എന്താണെന്നത് സംബന്ധിച്ചുമുള്ള പ്രവർത്തനം വിലയിരുത്തുക.
5) ജില്ലാതല/ ലോക്കൽ ലെവൽ സമിതികൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക.
6) ജില്ലാതല/ ലോക്കൽ ലെവൽ സമിതികൾ സൂചിപ്പിക്കുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുക.
7) ജില്ലാതല/ ലോക്കൽ ലെവൽ സമിതികളിൽ നിന്ന് വിവര ശേഖരണം നടത്തി കേന്ദ്ര വാർത്താവിതരണ മന്ത്രാലയ സെക്രട്ടറിയ്ക്ക് സമർപ്പിക്കുക
8) സാറ്റ് ലൈറ്റ് (ദേശീയ) ചാനലുകളിൽ പ്രോഗ്രാം & അഡ്വർട്ടൈസിംഗ് കോഡ് ലംഘിച്ച് പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ സംബന്ധിച്ച പരാതികൾ സംസ്ഥാന ചീഫ് സെക്രട്ടറി മുഖേന കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു തുടർനടപടിയ്ക്കായി കൈമാറുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Kavitha. G R
Date: 03-09-2024 12:57:47

സെക്ഷൻ ഓഫീസർ

സെക്രട്ടറി, വിവരപൊതുജന സമ്പർക്ക വകുപ്പ് , റൂം നം.395, ഒന്നാംനില , മെയിൻ ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ് , തിരുവനന്തപുരം .

സംസ്ഥാന പോലീസ് മേധാവി, സ്റ്റേറ്റ് പോലീസ് ഹെഡ്ക്വാട്ടേഴ്സ് , വെള്ളയമ്പലം സിറ്റി, തിരുവനന്തപുരം - 695 010

സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് , റൂം നം. 629, ഒന്നാംനില, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ്, റൂം നം. 377, ഒന്നാംനില, മെയിൻ ബ്ലോക്ക് , ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

അഡ്വ.സ്വപ്ന. പി പരമേശ്വരത്ത്, ജപ,മൈത്രി നഗർ, പെരിന്തൽമണ്ണ, മലപ്പുറം

ശ്രീ. എൻ.പി. ചന്ദ്രശേഖരൻ, കൈരളി ടി.വി , കൈരളി ടവേഴ്സ്, ആശാൻ സ്ക്വയർ, യൂണിവേഴ്സിറ്റി പി.ഒ, പാളയം തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)